# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1705 03.05.2017-ൽ മറുപടിയ്ക്ക്

## പുറക്കാട്ടേരി ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്റർ

| ചോദ്യം<br>ശ്രീ.എ.കെ.ശശീന്ദ്രൻ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടേരി ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്ററിന്റെ പരിഷ്കരണം സംബന്ധിച്ച് 07.11.2016-ൽ കൂടിയ മന്ത്രിതല യോഗത്തിന്റെ തീരുമാനങ്ങൾ വെളിപ്പെടുത്താമോ; | (എ) | 7.11.2016-ലെ മന്ത്രിതലയോഗത്തിന്റെ തീരുമാനം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ? | (ബി) | പ്രസ്തുത ആശുപത്രി 50 കിടക്കകളുള്ള ആയുർവേദ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ പുറക്കാട്ടേരി ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്ററിന്റെ പരിഷ്കരണം സംബന്ധിച്ച് 07.11.2016-ൽ ഉച്ചയ്ക്ക് 12 മണിയ്ക്ക് ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.

-----------------------------

പങ്കെടുത്തവർ

1) ഡോ.ബി.അശോക്, ആയുഷ് സെക്രട്ടറി.
2) ശ്രീ.മുക്കം മുഹമ്മദ്, ചെയർമാൻ, ജില്ലാ പഞ്ചായത്ത്, കോഴിക്കോട്.
3) ശ്രീ.ബാബു പറശ്ശേരി, പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, കോഴിക്കോട്.
4) ശ്രീ.പ്രകാശൻ.സി., പ്രസിഡന്റ്, തലക്കുളത്തൂർ.
5) ഡോ.എൻ.ശ്രീകുമാർ, ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട്.
6) ഡോ.അനിതാ ജേക്കബ്, ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്.
7) ഡോ.പി.വി.ശ്രീദേവി, സൂപ്രണ്ട്, ജില്ലാ ആയുർവേദ ആശുപത്രി, കോഴിക്കോട്.
8) ശ്രീ.വേണുഗോപാലൻ ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി, ആയുഷ് വകുപ്പ്.

ബഹു.ആരോഗ്യവകുപ്പ് മന്ത്രി യോഗത്തിൽ പങ്കെടുത്ത എല്ലാവരേയും സ്വാഗതം ചെയ്യുകയും വിഷയം അവതരിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. യോഗത്തിൽ പങ്കെടുത്ത ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രസ്തുത സ്ഥാപനത്തിന്റെ പുരോഗതിക്ക് നൽകുന്ന എല്ലാ സഹായവും തുടർന്നും നൽകാമെന്നും ഈ സ്ഥാപനം ഒരു ചികിത്സാ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആക്കി (ഒരു സ്വതന്ത്ര സ്ഥാപനം) മാറ്റുന്നതു ആവശ്യമാണെന്നും അഭിപ്രായപ്പെട്ടു. ഈ സ്ഥാപനം ഇപ്പോൾ ജില്ല ആയുർവേദ ആശുപത്രിയുടെ ഭാഗമായിട്ടാണ് പ്രവർത്തിക്കുന്നത് എന്നും താല്ക്കാലിക ജീവനക്കാരെക്കൊണ്ടാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത് എന്നും നാളിതുവരെ ഈ സ്ഥാപനം ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനമായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലായെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ അറിയിച്ചു. ബഹു. മന്ത്രി ഈ സ്ഥാപനം ഒരു സ്വതന്ത്ര സ്ഥാപനമായി ഉയർത്തേണ്ടതാണെന്നും ആയതിലേയ്ക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വിവിധ വശങ്ങൾ പരിശോധിക്കേണ്ടതാണെന്നും അറിയിച്ചു. ആയതിലേയ്ക്കായി KIIFB-യോട് മാസ്റ്റർ പ്ലാൻ കൺസൾട്ടൻസിയെ നൽകാൻ ആവശ്യപ്പെടാവുന്നതാണെന്നും ആയുഷ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്റർ ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിനുമായി ആവശ്യമായ സ്റ്റാഫ് ഉൾപ്പെടെയുള്ള വിവിധ വശങ്ങൾ സമഗ്രമായ ചർച്ചയ്ക്ക് വിധേയമാക്കിയതിനുശേഷം ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

തീരുമാനങ്ങൾ:

1) ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്ററിനെ ആയുഷ് വകുപ്പിന്റെ കീഴിലുള്ള ഒരു സ്വതന്ത്ര സ്ഥാപനമായി പ്രഖ്യാപിക്കുക.
2) നിലവിൽ അത്യാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പ്രത്യേകം സമർപ്പിക്കുക.
3) നിലവിൽ ജില്ലാ പഞ്ചായത്ത് നൽകുന്ന സഹായവും, പദ്ധതികളും സ്റ്റാഫും തുടർന്നും നൽകുന്നതിനുള്ള അനുമതി സർക്കാർ ഉത്തരവുവഴി നൽകുക.
4) KIIFB, Planning Board, AYUSH Mission എന്നിവ മുൻപാകെ സമർപ്പിക്കുന്നതിനുള്ള വിപുലീകരണ ഫണ്ടിംഗ് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി KIIFB-യിൽ നിന്നും കൺസൾട്ടൻസിയെ ലഭ്യമാക്കുക.
5) മേൽപ്പറഞ്ഞ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി സമഗ്രമായ പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സർക്കാരിന് വിശദമായി രണ്ടാഴ്ച്ചക്കകം സമർപ്പിക്കുക.

യോഗം 1.30-ന് അവസാനിച്ചു.

സെക്ഷൻ ഓഫീസർ